# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6262** **03.04.2018-ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏകോപനമില്ലാത്തിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യവികസനം നൽകുന്നതിന് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്. വിശദമാക്കുമോ; | ബി) | സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നിലവിലുണ്ട്.<br>കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകൾ |

മുഖേനയും മറ്റ് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വഴിയും, സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കുന്നു.

- 2016-17-വർഷം മുതൽ **'ഗോത്രജീവിക'** പദ്ധതി പ്രകാരം 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊവിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

- ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.ടി മേഖലകളിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് 267.34 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.

കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

- നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം

| | | | |
|---|---|---|---|
| | | | നൽകി പ്ലേസ്മെന്റ് ഉറപ്പ വരുത്തി.<br>• സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലേസ്മെന്റ് ഉറപ്പവരുത്തി.<br>• ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ DCA (Diploma in Computer Application) കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കി.<br>• എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലേസ്മെന്റ് നടപടികൾ സ്വീകരിച്ച വരുന്നു.<br>• സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |
| സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് കൃഷി, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലെ ആധുനിക രീതി പരിചയപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷി വകുപ്പ് മുഖേന ആധുനിക രീതിയിലുള്ള കൃഷിരീതികളെക്കുറിച്ചും മിൽമ മുഖേന ആധുനിക മൃഗപരിപാലന രീതികളെക്കുറിച്ചും പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ